II.ഇ.ബി. XII--കേരള നിയമസഭ/V-20

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ 24, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

153 (*661) അംഗൻവാടികളിലെ കരിക്കുലം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ അംഗൻവാടികളിലെ പ്രീ പ്രൈമറി പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ കരിക്കുലം തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ത്രിദിന ശിൽപ്പശാല തൃശൂർ 'കില' യിൽ വച്ച് നടത്തുകയും, അതിനെത്തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധരുടെ ഒരു കോർ ക്യാമ്പ് സംഘടിപ്പിക്കുകയും കരട് കരിക്കുലത്തിന് അന്തിമരൂപം നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അംഗൻവാടി കരിക്കുലത്തിൽ താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ശൈശവകാല പരിപാലനവും വിദ്യാഭ്യാസവും-നൂതന കാഴ്ചപ്പാട്

ശിശു പരിപാലനവും വിദ്യാഭ്യാസവും-പാഠ്യപദ്ധതി സമീപനം

മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

ശൈശവകാല പരിപാലനവും വിദ്യാഭ്യാസവും-രക്ഷിതാക്കളുടേയും സമൂഹത്തിന്റേയും പങ്ക്

ശാരീരിക ചാലക വികാസം

വൈജ്ഞാനിക വികാസം

ഭാഷാ വികാസം

സാമൂഹിക വൈകാരിക വികാസം

ക്രിയാത്മകവും സർഗ്ഗാത്മകതയും ആസ്വാദനവും

കളിപ്രവർത്തനവും തീം രീതി ആസൂത്രണവും

കുട്ടികളെ കേന്ദ്രീകരിച്ച് തയ്യാറാക്കിയിട്ടുള്ള കരട് കരിക്കുലം ഇപ്പോൾ അച്ചടിച്ച് വിതരണത്തിന് തയ്യാറാക്കിവരികയാണ്. അംഗൻവാടി കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി പ്രീപ്രൈമറി സ്കൂളുകളായി മാറ്റുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലാണ്. അംഗൻവാടികളിലെ കുഞ്ഞുങ്ങളുടെ പ്രായത്തിലുള്ള മറ്റു കുഞ്ഞുങ്ങൾ പഠിക്കുന്ന സ്കൂളുകളിലെ കുട്ടികളുമായി താരതമ്യം ചെയ്തു നോക്കിയാൽ കാലാനുസൃതമായിട്ടുള്ള പരിഷ്ക്കാരങ്ങൾ ഇല്ലെന്നു മനസ്സിലാക്കി ഹെൽപ്പർമാർക്കും വർക്കർമാർക്കും വിജ്ഞാന അവബോധം നൽകുന്നതിനു വേണ്ടിയുള്ള പരിശീലന പരിപാടികൾ സ്റ്റേറ്റ് തലത്തിലും ബ്ളോക്ക് തലത്തിലും ആരംഭിച്ചിട്ടുണ്ട്. പത്തു വർഷത്തെ എക്സ്പീരിയൻസും നിശ്ചിതയോഗ്യതയുമുള്ള അംഗൻവാടി ഹെൽപ്പർമാരിൽ 25 ശതമാനം പേരെ വർക്കർമാരായി പ്രൊമോട്ട് ചെയ്യുന്നതിന് ഗവണ്മെന്റ് ഉത്തരവായിട്ടുണ്ട്. എൺപതു വയസ്സായിട്ടും ജോലി ചെയ്തുകൊണ്ടിരിക്കുന്ന വർക്കർമാർക്കും ഹെൽപ്പർമാർക്കും കുറച്ച്

ആനുകൂല്യങ്ങൾ നൽകിക്കൊണ്ട് വിരമിക്കാൻ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. ഈ വർഷം 3132 അംഗൻവാടികൾ പുതുതായി അനുവദിച്ചിട്ടുണ്ട്. അതതു പ്രദേശത്തെ പി.എച്ച്.സി. കളിലെ ഡോക്ടർമാർ ആഴ്ചയിലൊരിക്കൽ അംഗൻവാടികളിലെ കുട്ടികളേയും കൗമാരപ്രായക്കാരായ പെൺകുട്ടികളേയും ഗർഭിണികളേയും പരിശോധന നടത്തണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അംഗൻവാടികൾ വഴി ഹെൽത്ത് സെന്ററിന്റെ സഹായത്തോടുകൂടി കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും കൗൺസിലിംഗും ആരോഗ്യ വിദ്യാഭ്യാസവും നൽകുന്നതിന് കഴിഞ്ഞ വർഷം 160.32 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 22 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടെന്നും സ്ഥലം ലഭ്യമാക്കിയാൽ ബാക്കിയുള്ള അംഗൻവാടികൾക്കും കെട്ടിടം നിർമ്മിക്കുന്ന കാര്യത്തിൽ ബുദ്ധിമുട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. സുനാമി ബാധിത തീരപ്രദേശങ്ങളിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിച്ച സ്ഥലങ്ങളിൽ അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് മൂന്നുലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, എം.എൽ.എ.മാർ, എം.പി.മാർ തുടങ്ങിയവരുടെ സഹകരണത്തോടുകൂടി അംഗൻവാടികളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തിക്കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണെന്നും ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

154 (*662) <u>സാമൂഹ്യ ജലസുരക്ഷാ പദ്ധതി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) നൽകിയ മറുപടിയിൽ, ജനപങ്കാളിത്തത്തോടെ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ

നിരീക്ഷിക്കുന്നതിനുമായി ആവിഷ്ക്കരിച്ച സാമൂഹ്യ ജല സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ, വ്യാപകമായ പ്രചാരണ പരിശീലന പരിപാടി, സാനിട്ടറി സർവ്വേ, ഫീൽഡ് തലത്തിലുള്ള പ്രാഥമിക ജല ഗുണനിലവാര പരിശോധന, ജില്ലാ സംസ്ഥാന ലബോറട്ടറികളിലെ വിദഗ്ദ്ധ പരിശോധന, ആവശ്യമായ പരിഹാര പ്രതിരോധ നടപടികൾ സ്വീകരിക്കൽ എന്നിവയാണെന്ന് സഭയെ അറിയിച്ചു. കിണറുകളിലെ ജലത്തിന്റെ ഗുണനിലവാര പരിശോധന സംബന്ധിച്ച് താഴെപ്പറയുന്ന നടപടികൾ ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു:

കിണറുകളിലെ ഭൗതിക സാഹചര്യങ്ങൾ പരിശോധിച്ചുകൊണ്ട് മലിനീകരണ സാധ്യതയുള്ളതാണോ എന്ന് കണ്ടെത്തുന്നതിനുള്ള സാനിട്ടറി സർവ്വെ

ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് കുടിവെള്ളത്തിലെ പി.എച്ച്. മൂല്യം, നൈട്രേറ്റ്, ഇരുമ്പ്, ഫ്ളൂറൈഡ്, ക്ളോറൈഡ് എന്നിവയുടെ അളവ് കണ്ടെത്തുന്നതിന് പഞ്ചായത്ത് തലത്തിലുള്ള പ്രാഥമിക ജലഗുണനിലവാര പരിശോധന

പ്രാഥമികതല പരിശോധനയുടെ അടിസ്ഥാനത്തിൽ ഇവയുടെ 30% സാമ്പിളുകൾ കേരള വാട്ടർ അതോറിറ്റിയുടെ ജില്ലാ ലാബിൽ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കൽ:

ജില്ലാ ലാബുകളിലെ പരിശോധനയുടെ അടിസ്ഥാനത്തിൽ സങ്കീർണ്ണമായ പ്രശ്നങ്ങൾ കണ്ടെത്തുന്നപക്ഷം അവ ആലുവയിലുള്ള സംസ്ഥാന റെഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കൽ

കടൽത്തീരത്തും ജലം മലിനമാകാൻ ഇടയുള്ള പ്രദേശത്തുമുള്ള കിണറുകൾ പരിശോധിക്കുന്നതിനും മാലിന്യം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന ജനപങ്കാളിത്തം ഉറപ്പാക്കി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ, സ്കൂൾ വിദ്യാർത്ഥികൾ, അംഗൻവാടി പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെ

സഹകരണത്തോടെ പൂർണ്ണമായും ജനപങ്കാളിത്തം ഉറപ്പാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി കേരളത്തിന് കേന്ദ്ര സർക്കാർ 370.08 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിൽ ഇതിനകം 237.13 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. സ്വകാര്യ കമ്പനികൾ മാലിന്യം കലർന്ന കുടിവെള്ളം കുപ്പികളിലാക്കി വിൽക്കുന്നത് തടഞ്ഞ് ഗുണമേന്മയുള്ള കുടിവെള്ളം ലഭ്യമാക്കുന്നതിന് ഈ വർഷം തന്നെ കേരള വാട്ടർ അതോറിറ്റി അരുവിക്കരയിൽ ബോട്ട്ലിംഗ് വാട്ടർ പ്ളാന്റ് ആരംഭിക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വെള്ളത്തിന്റെ ഗുണനിലവാര പരിശോധനയും പ്രതിരോധ പ്രവർത്തനങ്ങളും വാട്ടർ അതോറിറ്റിയുടെ സഹായത്തോടുകൂടി തദ്ദേശ ഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. സാമൂഹ്യ ജലസുരക്ഷാ പദ്ധതിക്ക് 2007-08-ൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കാനുള്ള 128.96 ലക്ഷം രൂപ ഈ വർഷംതന്നെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലചൂഷണം തടയുന്നതിനാവശ്യമായ നിയമഭേദഗതി അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്. രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന നാഷണൽ ഡ്രിങ്കിംഗ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവൈലൻസ് പ്രോഗ്രാം വഴി തെരഞ്ഞെടുക്കപ്പെട്ടവർക്ക് കിണർ ജല ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അതിനെ സംബന്ധിച്ചുള്ള ബോധവൽക്കരണത്തിനുമായി ജില്ലാതലത്തിൽ പരിശീലനം നൽകിക്കഴിഞ്ഞു. ഉടൻതന്നെ ബ്ളോക്ക് തലത്തിലുള്ള പരിശീലനം ആരംഭിക്കുന്നതാണ്. ഘട്ടം ഘട്ടമായി പ്രസ്തുത പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. കിണർജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പരിശീലനം

കുടുംബശ്രീ പ്രവർത്തകർക്കും സന്നദ്ധസംഘടനാ പ്രവർത്തകർക്കും, സ്കൂൾ വിദ്യാർത്ഥികൾക്കും തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചതിലൂടെ കേരളത്തിലെ കിണർ ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ഒരു comprehensive data യും ലഭ്യമാകുന്നതാണ്. ജനങ്ങൾക്ക് സ്വമേധയാതന്നെ കിണർ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള വിശദമായ ലഘുലേഖ പ്രസിദ്ധീകരിക്കുമോ എന്ന ചോദ്യത്തിന് അക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി. പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തുന്നതിനും നിലവിലുള്ളവ സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള സമഗ്രമായ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യ ജല സുരക്ഷാ പദ്ധതിയുടെ പ്രചാരണ പരിപാടിയുടെ ഭാഗമായി സഞ്ചരിക്കുന്ന ലബോറട്ടറി ഗ്രാമപ്രദേശങ്ങളിൽ വ്യാപിപ്പിക്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണെന്ന് ഒരുപചോദ്യത്തിനുത്തരമായി മന്ത്രി വെളിപ്പെടുത്തി.

155 (*663) <u>രണ്ടാംഘട്ട ജനകീയാസൂത്രണം</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, പതിനൊന്നാം പദ്ധതി രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതിയായി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2007 ആഗസ്റ്റ് മാസ ത്തിൽ ഔദ്യോഗിക പ്രഖ്യാപനം നടത്താനുദ്ദേശിക്കുന്ന രണ്ടാം ഘട്ട ജനകീ യാസൂത്രണ പദ്ധതിയുടെ പ്രധാന മുൻഗണനകൾ താഴെ ചേർക്കുന്നു:

കാർഷിക മേഖലയുടെ പുനരുദ്ധാരണവും കൂടുതൽ തൊഴിൽ സാദ്ധ്യത കളും വരുമാനവും ലഭ്യമാക്കുന്ന പ്രാദേശിക സാമ്പത്തിക വികസനം;

മുഖ്യധാരയിൽ വികസനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടവർക്ക് ഊന്നൽ നൽകിക്കൊണ്ട് സാമൂഹ്യനീതി ഉറപ്പാക്കൽ;.

വിദ്യാഭ്യാസം, ആരോഗ്യം, അംഗൻവാടികൾ, ശുചിത്വം, ജലവിതരണം, ഭവന നിർമ്മാണം, ഊർജ്ജസുരക്ഷ തുടങ്ങിയ മേഖലകളിൽ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കൽ;

ജനപങ്കാളിത്തം, കൃത്യമായ കണക്ക് സൂക്ഷിപ്പ്, സുതാര്യത, ഉത്തരവാദിത്വങ്ങൾ ഉറപ്പുവരുത്തൽ, അഴിമതി ഇല്ലാതാക്കൽ മുതലായവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് വികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനായി ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കി നടപ്പാക്കൽ

രണ്ടാം ഘട്ട ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന മാർഗ്ഗരേഖകളാണ് തയ്യാറാക്കിയിട്ടുള്ളത്:

തദ്ദേശഭരണ സ്ഥാപനങ്ങൾ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ നടത്തുക

പദ്ധതിയുമായി നേരിട്ടും പരോക്ഷമായും ബന്ധമുള്ള എല്ലാ വിഭാഗം ആൾക്കാരുമായി കൂടിയാലോചനകൾ നടത്തുക:

സമൂഹത്തിന്റെ എല്ലാ മേഖലയിലുംപെട്ടവർ ഗ്രാമസഭകളിലും വാർഡ് സഭകളിലും പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്താൻ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് ബോധപൂർവ്വമായ ശ്രമം ഉണ്ടാക്കുക;

മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജനകീയ സംഘടനകൾ, കുടുംബശ്രീ ശൃംഖല എന്നിവ മുഖേന വേണ്ടത്ര പ്രചാരണം നടത്തി അനുകൂല സാഹചര്യം സൃഷ്ടിച്ചതിന് ശേഷം യോഗം ചേരുക;

വികസന പ്രശ്നങ്ങളെ തരംതിരിച്ച് മുൻഗണന നിശ്ചയിക്കുന്നതിനായി ഓരോ ഗ്രാമ/വാർഡ് സഭയ്ക്കും ആറ് ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകുക;

മുഖ്യവികസന പ്രശ്നങ്ങൾ ഗ്രാമ/വാർഡ് സഭയിൽ ചർച്ച ചെയ്ത് മുൻഗണന നിശ്ചയിക്കാൻ കഴിയുന്ന തരത്തിൽ കാര്യപരിപാടി നിശ്ചയിക്കുക;

ജീവിതത്തിന്റെ നാനാതുറകളിലെ പ്രതിനിധികളുടേയും പ്രൊഫഷണലുകളുടേയും പങ്കാളിത്തത്തോടെ വികസന സെമിനാർ നടത്തുക;

തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ വിലയിരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് അഭിപ്രായം ലഭ്യമാക്കുന്നതിനായി സാങ്കേതിക ഉപദേശക ഗ്രൂപ്പുകൾ രൂപീകരിക്കുക;

സർക്കാർ ഉദ്യോഗസ്ഥർക്ക് പുറമെ സർക്കാരിതര സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെയും മറ്റ് പ്രാക്റ്റീഷണർമാരെയും ഈ സമിതികളിൽ അംഗങ്ങളാക്കുക;

പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പൊതു രേഖകളാക്കുക;

ഭരണ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പൊതുജന പരാതി പരിഹാര സംവിധാനം ആവിഷ്ക്കരിക്കുക;

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

156 (*668) <u>നഗരങ്ങളിൽ പേവിഷബാധ തടയുന്നതിന് നടപടി</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, നഗരങ്ങളിൽ പേവിഷബാധ തടയുന്നതിനായി മൃഗസംരക്ഷണ വകുപ്പ് പേവിഷ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നറിയിച്ചു. പ്രസ്തുത പദ്ധതിപ്രകാരം എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷ പ്രതിരോധ കുത്തിവയ്പ് മൃഗാശുപത്രികൾ മുഖേന നൽകിവരുന്നതുകൂടാതെ സംസ്ഥാനമൊട്ടാകെ മൃഗാശുപത്രികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്യാമ്പും സെമിനാറും നടത്തിവരികയും ചെയ്യുന്നു. എന്നാൽ അനിമൽ വെൽഫയർ ബോർഡിന്റെ നിർദ്ദേശ പ്രകാരം തെരുവു നായ്ക്കളുടെ കാര്യത്തിൽ തദ്ദേശഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും ജന്തുക്ഷേമ സംഘടനയും സംയുക്തമായി വന്ധ്യംകരണ ശസ്ത്രക്രിയയും പ്രതിരോധ കുത്തിവയ്പും നടത്തുന്നതു കൂടാതെ വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്ന 'അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമും' നിലവിലുണ്ട്. ഹൈക്കോടതി ഉത്തരവ് പ്രകാരം തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടികളെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ

നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, തൊടുപുഴ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. കൊച്ചി നഗരസഭയിൽ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ പദ്ധതി ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

157 (*670) മൊബൈൽ മെഡിക്കൽ യൂണിറ്റ്

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൻ കീഴിൽ പകർച്ചപ്പനി പ്രമാണിച്ചുള്ള 28 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിന്റെ കീഴിൽ 3 മൊബൈൽ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെന്നറിയിച്ചു. ഇതുകൂടാതെ ഊരുകളിൽ ചികിൽസാ സഹായം എത്തിക്കുന്നതിനായി 13 ട്രൈബൽ മൊബൈൽ യൂണിറ്റുകളും 14 ഡിസ്ട്രിക്ട് മൊബൈൽ ഐ യൂണിറ്റുകളും 2 സെൻട്രൽ മൊബൈൽ ഐ യൂണിറ്റുകളും വയനാട് ജില്ലയിൽ മാനന്തവാടി കേന്ദ്രീകരിച്ച് ഒരു മൊബൈൽ ദന്തൽ യൂണിറ്റും പ്രവർത്തിക്കുന്നു. പകർച്ചപ്പനി മൊബൈൽ യൂണിറ്റിൽ ഒന്നോ രണ്ടോ മെഡിക്കൽ ഓഫീസർമാരും ഒരു ഫാർമസിസ്റ്റും ഒരു സ്റ്റാഫ് നഴ്സും ഇവരെ സഹായിക്കാനായി നഴ്സിംഗ് അസിസ്റ്റന്റ്/അറ്റൻഡർ എന്നിവരും ഉണ്ടായിരിക്കും. ട്രൈബൽ മൊബൈൽ യൂണിറ്റിൽ ഒരു മെഡിക്കൽ ഓഫീസറും ഒരു ഫാർമസിസ്റ്റും ഒരു സ്റ്റാഫ് നഴ്സും (ജെ.പി.എച്ച്.എൻ) ഒരു അറ്റന്റർ/വാൻ ക്ളീനറും ഒരു ഡ്രൈവറും ഉണ്ടാകും. മൊബൈൽ ഐ യൂണിറ്റിൽ ഒരു ഒഫ്താൽമിക് സർജനും ഒരു ഒഫ്താൽമിക് അസിസ്റ്റന്റും ഒരു ക്യാബ് കോ-ഓർഡിനേറ്ററും ഓരോന്നുവീതം അറ്റൻഡർ/ഡ്രൈവറും ദന്തൽ യൂണിറ്റിൽ ഒരു ദന്തൽ സർജനും ഒരു ദന്തൽ ഹൈജിനിസ്റ്റും ഉണ്ടാകും.

158 (*677) ഭരണ നവീകരണ പദ്ധതി

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി 121 തദ്ദേശഭരണ സ്ഥാപനങ്ങളിൽ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള സേവനപ്രദാന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്നറിയിച്ചു. കൂടാതെ താഴെപ്പറയുന്ന 12 പൊതു ഉദ്യമങ്ങളും തദ്ദേശഭരണ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളിൽ സാമൂഹ്യ വികസന സൊസൈറ്റികളെ ശക്തിപ്പെടുത്തുക;

മാനസിക-ശാരീരിക വൈകല്യമുള്ളവർക്കുള്ള സാമൂഹ്യ പുനരധിവാസ പ്ളാനുകൾ തയ്യാറാക്കുക;

കളക്ടിവിറ്റിക്ക് ഊന്നൽ നൽകുന്ന സ്പെഷ്യൽ പ്ളാനുകൾ തയ്യാറാക്കുക;

വിജയഗാഥകൾ പ്രചരിപ്പിക്കുക;

പുതിയ ആഫീസ് മാനേജ്മെന്റ് സംവിധാനം നടപ്പാക്കുക;

മാനേജ്മെന്റ് മാന്വലുകൾ തയ്യാറാക്കുക;

സാധനങ്ങൾ വാങ്ങുന്നതിനുള്ള മാന്വലുകൾ തയ്യാറാക്കുക;

തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതുമരാമത്ത് മാന്വൽ തയ്യാറാക്കുക;

തദ്ദേശസ്ഥാപനങ്ങളിലെ ബജറ്റിംഗിനും അക്കൗണ്ടിംഗിനും ചട്ടങ്ങളും മാന്വലുകളും തയ്യാറാക്കുക;

തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിഭവ സമാഹരണം;

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ പരിശീലന ആവശ്യങ്ങൾ കണക്കാക്കുക;

കണക്ടിവിറ്റിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള സ്ഥലപരമായ ആസൂത്രണം.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബഡ്ജറ്റ്, അക്കൗണ്ട്സ് മാന്വലുകളുടെയും ചട്ടങ്ങളുടേയും സോഷ്യൽ ആഡിറ്റ് നടത്താനുള്ള മാന്വലിന്റേയും കരട് പൂർത്തിയായിട്ടുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

219 (4822) ത്രിതല പഞ്ചായത്തുകൾക്ക് നീക്കിവച്ച പദ്ധതിവിഹിതം

പത്താം പദ്ധതിക്കാലയളവിൽ ഉൽപ്പാദനമേഖലയിൽ നീക്കിവച്ച പദ്ധതി വിഹിതത്തിന്റെ 20.55% ഗ്രാമപഞ്ചായത്തുകളും 15.30% ബ്ളോക്ക് പഞ്ചായത്തുകളും 18.50% ജില്ലാ പഞ്ചായത്തുകളും ചെലവഴിച്ചിട്ടുണ്ട്.

220 (4827) ബയോടെക് പദ്ധതി

സംയോജിത ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ബയോഗ്യാസ് ടെക്നോളജി ഉപയോഗിച്ച് ആലുവ, തൃപ്പൂണിത്തുറ, കോതമംഗലം, നെടുമങ്ങാട്, പുനലൂർ, തൃശ്ശൂർ, പത്തനംതിട്ട, തിരൂർ, തൊടുപുഴ, ചാലക്കുടി, മാവേലിക്കര, വടകര, ചേർത്തല, കോഴിക്കോട്, കോട്ടയം, തളിപ്പറമ്പ് എന്നീ നഗരസഭകളിലും കുളനട, കടയ്ക്കൽ, പത്തനാപുരം, കൃഷ്ണപുരം, ഒളവണ്ണ, കുറ്റ്യാടി, ശ്രീകാര്യം, തൃക്കരിപ്പൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും ബയോഗ്യാസ് പ്ളാന്റുകൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കൊച്ചി നഗരസഭയിൽ 10 സ്ഥലങ്ങളിലും കൊല്ലം, ആറ്റിങ്ങൽ നഗരസഭകളിലും ബയോഗ്യാസ് പ്ളാന്റ് നിർമ്മാണം പുരോഗമിക്കുന്നു. ബയോഗ്യാസ് ടെക്നോളജി ഉപയോഗിച്ചുള്ള പ്ളാന്റ് നിർമ്മിക്കുന്ന ഏജൻസികളിൽ ഒന്നാണ് ബയോടെക്. മാലിന്യങ്ങൾ ഉയോഗിച്ചുകൊണ്ടുള്ള ബയോഗ്യാസ് ഉൽപാദന രീതി വിജയകരമായി നടപ്പിലാക്കാവുന്നതായതിനാൽ മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും സമർപ്പിക്കുന്ന സംയോജിത ഖരമാലിന്യ പരിപാലന പദ്ധതിയിൽ ഇവ ഉൾപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു.

221 (4835) <u>കുടുംബശ്രീ പദ്ധതി വിഹിതം</u>

സംസ്ഥാനത്ത് 2007 മേയ് 31-വരെ 182081 അയൽക്കൂട്ടങ്ങളിലായി 3601580 കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. കുടുംബശ്രീ മുഖേന നാളിതു വരെ 22678 വ്യക്തിഗത സംരംഭങ്ങളും 4937 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ചതിലൂടെ 60257 അംഗങ്ങൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. കുടുംബശ്രീക്ക് 2005-06 സാമ്പത്തിക വർഷം 60 കോടി രൂപയും 2006-07 സാമ്പത്തിക വർഷം 60.49 കോടി രൂപയും പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്.

222 (4839) <u>ആശ്രയ പദ്ധതി</u>

2004-05 വർഷം "ആശ്രയ പദ്ധതി" പ്രകാരം കണ്ടെത്തിയ 56 ഗുണഭോക്താക്കളിൽ 18 പേർ വീട് വയ്ക്കുന്നതിനുവേണ്ടി ഭൂമി വാങ്ങിയിട്ടുണ്ട്. ബാക്കി 38 പേർക്ക് 2007-08 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

223 (4868) <u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ വയനാട് ജില്ലയിൽ 104880-ഉം പാലക്കാട് ജില്ലയിൽ 171974-ഉം കാസർഗോഡ് ജില്ലയിൽ 13700-ഉം ഇടുക്കി ജില്ലയിൽ 11444-ഉം കുടുംബങ്ങൾ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ഓരോ സാമ്പത്തിക വർഷവും ഒരു കുടുംബത്തിന് 100 ദിവസത്തെ തൊഴിൽ നൽകാനും തൊഴിലെടുക്കുന്നവർക്ക് ദിവസവേതനമായി പരമാവധി 125 രൂപ നൽകാനുമാണ് വിഭാവനം ചെയ്യുന്നത്. ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് 2006-07-ൽ 2474.63 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

224 (4875) ഭാരത് നിർമ്മാൺ പദ്ധതി

2006–07 വർഷത്തെ ഭാരത് നിർമ്മാൺ പദ്ധതിപ്രകാരം സംസ്ഥാനത്ത് ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള 294.20 കോടി രൂപയുടെ പ്രോജക്ടു കൾക്ക് ഉടൻ അനുമതി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

225 (4895) കെ.എസ്.ആർ.ടി.സി.ക്ക് ഇപ്പോഴുള്ള ബാദ്ധ്യത

2006–07–ലെ താൽക്കാലിക കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. യുടെ ആകെ ബാദ്ധ്യത 2650.04 കോടി രൂപയാണ്. കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നതിന് ഒരു മാസം 13 കോടി രൂപ കടം എടുക്കുന്നുണ്ട്. പലിശയിനത്തിൽ ഒരുമാസം കെ.എസ്.ആർ.ടി.സി.ക്ക് 5 കോടി രൂപയാണ് നൽകുന്നത്.

226 (4921) ഡ്രഗ് ലൈസൻസില്ലാത്ത സ്ഥാപനങ്ങൾ

മരുന്നുവിൽപ്പന ലൈസൻസുള്ള 17002 സ്ഥാപനങ്ങൾ സംസ്ഥാന ത്തുണ്ട്. ലൈസൻസില്ലാതെ മരുന്ന് വിൽക്കുന്നവർക്കെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 & റൂൾസ് 1945 അനുസരിച്ചുള്ള നിയമനടപടിക ളാണ് സ്വീകരിക്കുന്നത്.

227 (5029) ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി

ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി പ്രകാരം തിരുവനന്തപുരത്ത് നടപ്പിലാക്കുന്ന പാങ്ങോട് ഫിഷ് മാർക്കറ്റ് പദ്ധതിക്കായി ഗവണ്മെന്റ് അംഗീകൃത ഏജൻസിയായ എൽ.ബി.എസിനേയും ബി.എസ്.യു.പി. പദ്ധതി ക്കായി കോസ്റ്റ് ഫോർഡിനേയും കൺസൾട്ടൻസിയായി നിയമിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രോജക്ട് നടത്തിപ്പിനായി ഇതുവരെ എൽ.ബി.എസിന് 70,000 രൂപയും കോസ്റ്റ് ഫോർഡിന് 5,05,142 രൂപയും നൽകിയിട്ടുണ്ട്.